12 Noon]

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, തൃശ്ശൂർ ജില്ലയിൽ പുതുതായി രൂപീകരിച്ച ചാലക്കുടി താലൂക്ക് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് തൃശ്ശൂർ ജില്ലയിലെ പൊതുമരാമത്ത് കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ 5 കോടി രൂപയുടെ എസ്റ്റിമേറ്റ് തൃശ്ശൂർ ജില്ലാ കളക്ടർ മുഖാന്തരം ലഭ്യമാക്കിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ജില്ലയിൽ പുതുതായി രൂപീകരിച്ച ചാലക്കുടി താലൂക്ക് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് 5 കോടി രൂപയുടെ പ്രൊപ്പോസൽ ബഡ്ജറ്റ് ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിനായി പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന താലൂക്ക് സപ്ലൈ ഓഫീസ്, ഡി.ഇ. ഓഫീസ്, എക്സൈസ് സർക്കിൾ ഓഫീസ്, സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്, ജോയിന്റ് രജിസ്ട്രാർ ഓഫീസ്, ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് ഓഫീസ് തുടങ്ങിയ അനുബന്ധ ഓഫീസുകൾ അനുവദിക്കുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പാണ് നടപടി സ്വീകരിക്കേണ്ടത്.

11. ലിഫ്റ്റ് സൗകര്യം

12.01 PM]

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, തൃശ്ശൂർ ജില്ലയിലെ ജനറൽ ആശുപത്രിയിൽ ആറുനില കെട്ടിടത്തിന്റെ പണി ആരംഭിക്കുകയും മൂന്ന് നിലയുടെ പണി കഴിഞ്ഞപ്പോൾ സാമ്പത്തികപ്രശ്നം കാരണം പണിനിർത്തിവയ്ക്കുകയും ചെയ്തു. ഈ മൂന്ന് നിലയുടെ പണി പൂർത്തിയായിട്ട് ഒരു കൊല്ലമായി. ഇത് പണിയുമ്പോഴുള്ള ഭാവനക്കുറവുകൊണ്ട് ഈ ആശുപത്രിയിലേക്ക് ഒരു റാമ്പ് പോലും പണിതിട്ടില്ല. അവിടെ ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തണമെന്ന ആവശ്യം ഞാൻ പല പ്രാവശ്യം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് ഉന്നയിച്ചതാണ്. ഇതുവരെയും ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. ആറ് നിലകളുടെ പണി പൂർത്തിയാക്കിയശേഷമേ പ്രവർത്തനം തുടങ്ങുകയുള്ളുവെന്നുവച്ചാൽ അടുത്ത കാലത്തൊന്നും അത് സംഭവിക്കാൻ പോകുന്നില്ല. അതൊരു ക്രിമിനൽ വേസ്റ്റാണ്. മൂന്നുനിലകളുടെ പണി പൂർത്തിയാക്കിയ സ്ഥലം കാര്യക്ഷമമായ പ്രവർത്തനത്തിന് പര്യാപ്തമാക്കണമെങ്കിൽ റാമ്പ് ഇല്ലാത്ത സാഹചര്യത്തിൽ അടിയന്തരമായി അവിടെ ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തണം. ഒന്നും രണ്ടും നിലകളിലേയ്ക്ക് പോകുന്ന ഗർഭിണികൾക്ക് സ്റ്റെപ്പുകൾ കയറാൻ സാധിക്കില്ല. ഈ വിഷയം സംബന്ധിച്ച് അങ്ങയുടെ നേതൃത്വത്തിൽചേർന്ന യോഗങ്ങളിൽ പല തീരുമാനങ്ങളുമെടുത്തെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

അതൊന്നും ഇതുവരെ നടപ്പാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് ഇനിയുമൊരു സബ്മിഷൻ വരുത്താതിരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

12.02 PM]

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, തൃശ്ശൂർ ജനറൽ ആശുപത്രിയിൽ ആറ് നിലകളുള്ള കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ അടിത്തറ പണിയുകയും 3,45,00,000 രൂപ ചെലവിൽ മൂന്ന് നിലകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അവിടെ ലിഫ്റ്റുകൾ സ്ഥാപിച്ചിട്ടില്ല. അവശേഷിക്കുന്ന മുകനിലകൾ പണിയുന്നതിനും ലിഫ്റ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള ഭരണാനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ തുകയൊന്നും ലഭ്യമല്ലാതിരുന്നതിനാൽ ആവശ്യമായവ സേവിംഗ്സ് മുഖേന കണ്ടെത്തി സർക്കാരിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ 7-7-2014-ൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് നിലയ്ക്ക് ആവശ്യമായ ലിഫ്റ്റ് സ്ഥാപിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് അടുത്ത സാമ്പത്തിക വർഷാരംഭത്തിൽത്തന്നെ ലിഫ്റ്റ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

12. ജീവനും സ്വത്തിനും സംരക്ഷണം

12.03 PM

ശ്രീ. സി. മോയിൻകുട്ടി : സർ, അത്യന്തം ഗൗരവതരമായൊരു വിഷയമാണ് എനിക്ക് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ഒരു ഗവൺമെന്റിന്റെ പ്രാഥമികചുമതല എന്നു പറയുന്നത്, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നുള്ളതാണ്. എന്റെ നിയോജക മണ്ഡലത്തിലെ മലയോര കുടിയേറ്റ മേഖലയിൽ കഴിഞ്ഞ 6-ാം തീയതി കാട്ടുപന്നി ആക്രമിച്ച് അബ്ദുൾസലാം എന്ന ഒരു ചെറുകിട കർഷകൻ ദയനീയമാംവിധം മരണപ്പെട്ടിരിക്കുകയാണ്. അഞ്ചോളം പട്ടിണിപ്പാവങ്ങൾ ഗുരുതരമായ പരിക്കുപറ്റി മെഡിക്കൽ കോളേജിലെ 19-ഉം 21-ഉം വാർഡുകളിൽ കിടക്കുകയാണ്. മനുഷ്യമാംസം പച്ചയായി കടിച്ചുകീറുകയാണ് ചെയ്തിരിക്കുന്നത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വനംവകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ 5 ലക്ഷം രൂപ നഷ്ടപരിഹാരം

LIBRARY ARCHIVES Kerala Legislative Assembly